പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 772 — 29.09.2016 ൽ മറുപടിക്ക്

## റെയിൽ ഫ്ലൺസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി: | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തോടുന്ന ട്രെയിനുകൾ ചായം പൂശി വികൃതമാക്കുന്ന 'റെയിൽ ഫ്ലൺസ്'' എന്ന് സ്വയം പ്രഖ്യാപിത സംഘടനയെക്കുറിച്ച് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ടി പ്രവൃത്തിയുടെ ഉദ്ദേശലക്ഷ്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) റെയിൽ ഫ്ലൺസ് എന്ന സംഘടന പൊതു സ്ഥലങ്ങളിൽ ചിത്രം വരച്ചും വാക്കുകൾ എഴുതിയും പൊതുജനശ്രദ്ധ പിടിച്ചുപറ്റുന്ന കലാകാരന്മാരുടെ കൂട്ടമാണ്. ഇവർ ബസ്, ട്രെയിൻ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്തു വരുന്നു. റെയിൽവേയുടെ സ്ഥാവരജംഗമ വസ്തുക്കൾ, ട്രെയിൻ എന്നിവകളെ വികൃതമാക്കുന്ന പ്രവൃത്തികളാണ് ഈ സംഘടനയുടെ അംഗങ്ങൾ ചെയ്തു വരുന്നത് എന്ന പരാതി ഉയർന്നിട്ടുണ്ട്. |
| (സി) ഇതിന്മേൽ എന്തെല്ലാം നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദവിവരം ലഭ്യമാക്കുമോ? | (സി) ഇതിന്മേൽ, ഷൊർണ്ണൂർ റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നം. 319/16 യു.എസ് 447/ഐ.പി.സി & 151 (1) (2) (1) ഇന്ത്യൻ റെയിൽവേ ആക്ട് പ്രകാരം 16.08.2016 തീയതിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ